# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2022
# 11/03/2020 ലെ മറുപടിക്ക്

## ആസ്തിവികസന ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കൽ

| | ചോദ്യം<br>ശ്രീ. കെ.എം.ഷാജി | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ആസ്തിവികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ ഡെപ്പോസിറ്റ് വർക്കുകളായി ചെയ്യുന്നതിനാലുണ്ടാകുന്ന ഭരണപരമായ കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ; | സ്വന്തമായി എഞ്ചിനീയറിംഗ് വിംഗ് ഉള്ള വകുപ്പുകൾ പ്രസ്തുത എഞ്ചിനീയറിംഗ് വിംഗുകൾ ഉപയോഗിച്ച് തന്നെയാണ് ഭൂരിപക്ഷം പ്രവൃത്തികൾ നടപ്പിലാക്കി വരുന്നത്. ഇത്തരം പ്രവൃത്തികൾക്ക് മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യേണ്ട ആവശ്യമില്ല. പ്രവർത്തന പുരോഗതിയനുസരിച്ച് സമർപ്പിക്കുന്ന ബില്ലുകൾ കാലതാമസം കൂടാതെ പാസ്സാക്കി നൽകുന്നുണ്ട്. എന്നാൽ സ്വന്തമായി എഞ്ചിനീയറിംഗ് വിംഗ് ഇല്ലാത്ത വകുപ്പുകൾ മറ്റ് വകുപ്പുകളിലെ എഞ്ചിനീയറിംഗ് വിംഗ് വഴി പ്രവൃത്തികൾ നടപ്പാക്കുമ്പോൾ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്ത് നൽകേണ്ടതുണ്ട്. ഇതിനായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ട്. അധികമായി തുക വേണ്ടി വരുന്ന കേസുകളിൽ ആയത് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പ് സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | ഡെപ്പോസിറ്റ് വർക്കുകൾ എന്ന രീതി ഒഴിവാക്കി പ്രവൃത്തികൾ കൂടുതൽ വേഗത്തിൽ നടപ്പിലാക്കുന്നതിലുള്ള പുതിയ രീതി ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ; | |
| (സി) | ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് കൂടുതൽ നിർദ്ദേശങ്ങൾ നൽകുമോയെന്ന് അറിയിക്കുമോ? | സ.ഉ (അച്ചടി) നം. 119/2018/ധന തീയതി 04/08/2018 ന്റെ അനുബന്ധം 3 പ്രകാരം നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിലെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ